**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1855** **12-09-2023 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് കോളേജുകളിലെ ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽ ടെക്നോളജി അധ്യാപകരുടെ യോഗ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഹാൻഡ്‌ലൂം ടെക്നോളജി & ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സുകൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിൽ ഹാൻഡ് ലൂം ടെക്നോളജി ഡിപ്ലോമ കോഴ്സായി പഠിപ്പിക്കുന്നില്ല. ഡിപ്ലോമ ഇൻ **ടെക്സ്റ്റൈൽ** ടെക്നോളജി കോഴ്സ് നിലവിലുണ്ട്, ബന്ധപ്പെട്ട കോഴ്സ് പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത ബന്ധപ്പെട്ട വിഷയത്തിലുള്ള ഒന്നാം ക്ലാസ്സോടു കൂടിയ ബി.ടെക് ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ്. |
| (ബി) | ഇതര ബ്രാഞ്ചുകളിൽ/ട്രേഡുകളിൽ നിന്നും വ്യത്യസ്തമായി താഴ്ന്ന യോഗ്യതയുള്ള അദ്ധ്യാപകരെയാണോ പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് പോളിടെക്നിക് കോളേജുകളിൽ നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഇതര ബ്രാഞ്ചുകളിൽ നിന്നും വ്യത്യസ്തമായി താഴ്ന്ന യോഗ്യതയുള്ള അദ്ധ്യാപകരെയല്ല ഡിപ്ലോമ ഇൻ **ടെക്സ്റ്റൈൽസ്** പഠിപ്പിക്കുന്നതിന് പോളിടെക്നിക്ക് കോളേജുകളിൽ നിയമിക്കുന്നത്. |
| (സി) | പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് സമാന ബ്രാഞ്ചുകളിൽ അംഗീകൃത ബിടെക് ബിരുദം/ ബിരുദാനന്തര ബിരുദം ഉള്ളവരെ നിയമിക്കുന്നതിന് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കാമോ? | (സി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള **ടെക്സ്റ്റൈൽ** ടെക്നോളജി കോഴ്സ് പഠിപ്പിക്കുന്നതിന് യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ സമാന ബ്രാഞ്ചുകളിൽ അംഗീകൃത ബി.ടെക് ബിരുദം / ബിരുദാനന്തര ബിരുദമോ ഉള്ളവരെ നിയമിക്കുന്നതിന് വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം നലിവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ